ഭൂമി രജിസ്ട്രേഷൻവക വരുമാനം

242 (1276) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ 4 വർഷത്തെ സംസ്ഥാനത്തെ ഭൂമി രജിസ്ട്രേഷന്റെ എണ്ണമെത്രയാണ് ; ഓരോ വർഷത്തെയും കണക്ക് പ്രത്യേകം ലഭ്യമാക്കാമോ ;

(ബി) ഈ വകയിൽ കഴിഞ്ഞ 4 വർഷം സർക്കാരിന് ലഭിച്ച വരുമാനം വാർഷികാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) വരുമാനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കുറവുണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2011-12 സാമ്പത്തികവർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ആധാരങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	ആധാരങ്ങളുടെ എണ്ണം
2011-2012	1310573
2012-2013	1278072
2013-2014	1179064
2014-2015	1053918
ആകെ	4821627

(ബി) 2011-12 സാമ്പത്തിക വർഷം മുതൽ 2014-15 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ രജിസ്ട്രേഷൻ വകുപ്പിന്റെ വരുമാനം ചുവടെ ചേർക്കുന്നു :

സാമ്പത്തിക വർഷം	വരുമാനം (കോടി രൂപയിൽ)
2011-2012	2773.06
2012-2013	2747.58
2013-2014	2353.49
2014-2015	2390.23
ആകെ	10264.36

LIBRARY ARCHIVES Kerala Legislative Assembly

(സി) 2011-12 മുതൽ 2013-14 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ ആധാരങ്ങളുടെ എണ്ണത്തിൽ വലിയ തോതിൽ കുറവ് സംഭവിച്ചതുകൊണ്ട് വരുമാനത്തിലും കുറവ് അനുഭവപ്പെട്ടിട്ടുണ്ട്. എന്നാൽ 2014-15 സാമ്പത്തിക വർഷം നവംബർ മാസത്തിൽ ഹെയർ വാല്യൂ വർദ്ധിപ്പിച്ച് ഉത്തരവായതിനാൽ മുൻ വർഷത്തെ അപേക്ഷിച്ച് വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം

243 (1277) ശ്രീ. വർക്കല കഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സംവിധാനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത സംവിധാനംവഴി എന്തെല്ലാം സൗകര്യങ്ങളാണ് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) ഓൺലൈൻ സംവിധാനവുമായി സഹകരിക്കുന്നവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പ്രസ്തുത സംവിധാനം നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആധാരം രജിസ്ട്രേഷന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. എന്നാൽ, ആധാരങ്ങൾ തയ്യാറാക്കി ആധാരവിവരങ്ങൾ ഓൺലൈനായി സമർപ്പിക്കുവാനും കക്ഷിയുടെ സൗകര്യത്തിന് അനുസരിച്ച് തീയതിയും സമയവും നിശ്ചയിച്ചുകൊണ്ടുള്ള ടോക്കൺ നേരത്തെ എടുക്കാനുമുള്ള സൗകര്യം തിരുവനന്തപുരം ജില്ലയിലെ 41 സബ് രജിസ്ട്രാർ ഓഫീസുകളിലും നടപ്പിലാക്കിയിട്ടുണ്ട്. മറ്റ് ജില്ലകളിൽക്കൂടി ഈ സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ആധാര രജിസ്ട്രേഷന്റെ ദിവസവും സമയവും മുൻകൂട്ടി നിശ്ചയിച്ചു നൽകിക്കൊണ്ട് രജിസ്ട്രേഷനുവേണ്ടി കാത്തുനിന്ന് പൊതുജനങ്ങൾക്കുണ്ടാകുന്ന സമയനഷ്ടം ഒഴിവാക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly